കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ നഗരസഭ - റവന്യൂ ഇൻസ്പെക്ടർ ശ്രീ.സി.എച്ച്.ജയരാജൻ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.30024/12 റിട്ട് പെറ്റീഷൻ ബഹു.കോടതിവിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1855/2013/തസ്വഭവ തീയതി, തിരുവനന്തപുരം, 16/7/2013

പരാമർശം :

1. ശ്രീ.സി.എച്ച്.ജയരാജൻ 24/11/2012 ൽ വിജിലൻസ് വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച നിവേദനം
2. ശ്രീ.സി.എച്ച്.ജയരാജൻ 19/1/2013 ൽ സമർപ്പിച്ച അപേക്ഷ
3. ശ്രീ.സി.എച്ച്.ജയരാജൻ ഹൈക്കോടതിയിൽ ഫയൽ ചെയ്ത 30024/12 റിട്ട് പെറ്റീഷൻമേലിലുള്ള ബഹു.ഹൈക്കോടതിയുടെ 20/12/2012 ലെ വിധിന്യായം
4. നഗരകാര്യ ഡയറക്ടറുടെ 16/3/2013 ലെ വി2-18182/12 നമ്പർ കത്ത്
5. 27/6/2013 ലെ 815/ഡി1/2013/വിജി നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ശ്രീ.സി.എച്ച്.ജയരാജൻ 20/11/2012 ലെ ജി.ഒ(ആർ.റ്റി)നം.193/12/വിജി നമ്പർ ഉത്തരവ് പ്രകാരമുള്ള സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൾ ബഹു.ഹൈക്കോടിയിൽ 30024/12 നമ്പരായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. പ്രസ്തുത റിട്ട് പെറ്റീഷൻ വിധിന്യായ പ്രകാരം ശ്രീ.സി.എച്ച്.ജയരാജൻ സർക്കാരിന് സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിന് (തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിക്ക്) ബഹു.ഹൈക്കോടതി പരാമർശം(3) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

ബഹു.ഹൈക്കോടതിയുടെ വിധിപരിഗണിച്ചും ടിയാനെ സസ്പെന്റ് ചെയ്തിട്ട് ഇതിനകം 4 മാസത്തോളമായി എന്ന വസ്തുത പരിഗണിച്ചും ടിയാനെതിരായ അച്ചടക്കനടപടികൾ തുടരും എന്ന വ്യവസ്ഥയിൽ സസ്പെൻഷൻ പിൻവലിച്ച് കണ്ണൂർ

നഗരസഭയിലല്ലാതെ മറ്റേതെങ്കിലും നഗരസഭയിൽ ജോലിയിൽ പുനഃപ്രവേശിക്കാവുന്നതാണ് എന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാരം വിശദമായി പരിശോധിച്ചു. വിജിലൻസ് കേസുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്തിട്ടുള്ള ജീവനക്കാരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് Manual of Office Procedure(MOP) യിലെ വ്യവസ്ഥകൾ അനുസരിച്ച് വിജിലൻസ് വകുപ്പിന് മാത്രമെ സാധിക്കുകയുള്ളൂ. വിജിലൻസ് കേസുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്തിട്ടുള്ള ജീവനക്കാരെ തിരികെ സർവ്വീസിൽ പ്രവേശിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം 5 ാമതായി വായിച്ച കത്ത് പ്രകാരം അറിയിച്ചിട്ടുള്ള സസ്പെൻഷൻ റിവ്യൂ കമ്മറ്റി യോഗതീരുമാന പ്രകാരം ശ്രീ.ജയരാജനെ സർവ്വീസിൽ തിരിച്ചെടുക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ശ്രീ.സി.എച്ച്.ജയരാജൻ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ (Ext P7) നിരസിച്ച് ബഹു.ഹൈക്കോടതിയുടെ പരാമർശം (3)ലെ വിധിനടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെ.സ്റ്റാൻലി
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കണ്ണൂർ നഗരസഭ
ശ്രീ.സി.എച്ച്.ജയരാജൻ, റവന്യൂ ഇൻസ്പെക്ടർ, കണ്ണൂർ നഗരസഭ
വിജിലൻസ് വകുപ്പ് (Vide U.O. No. 4085/D1/13/Vig dated 13/5/2013)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**